പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*86

27.04.2017 -ലെ മറുപടിയ്ക്ക്

## മിന്നൽ പണിമുടക്കുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.അബ്ദുൽ ഹമീദ് .പി.<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. സി.മമ്മൂട്ടി: | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) പ്രതിഷേധിക്കാനും പണിമുടക്കാനുമുള്ള അവകാശം സംബന്ധിച്ച് സർക്കാരിന്റെ നയം വിശദമാക്കുമോ; | എ) വ്യവസായ തൊഴിൽ തർക്ക നിയമ പ്രകാരം മുൻകൂർ നോട്ടീസ് നൽകി പ്രതിഷേധിക്കുന്നതിനും പണിമുടക്കുന്നതിനുമുള്ള അവകാശം നിലവിലുണ്ട്. 1947-ലെ തൊഴിൽ തർക്ക നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി അവകാശങ്ങൾ സംരക്ഷിക്കുന്നതാണ് സർക്കാരിന്റെ നയം. |
| (ബി) മിന്നൽ പണിമുടക്കുകൾക്കെതിരെ നടപടിയെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) അനാവശ്യമായ മിന്നൽ പണിമുടക്കുകൾക്കെതിരെ നിലവിലുള്ള നിയമവ്യവസ്ഥകൾക്ക് വിധേയമായി സ്വീകരിക്കേണ്ട നടപടിയെ സംബന്ധിച്ച് സർക്കാർ ഗൗരവമായി ആലോചിക്കുന്നുണ്ട്. |
| സി) സംഘടിത പ്രതിഷേധം, പണിമുടക്ക് എന്നിവ സഞ്ചാര സ്വാതന്ത്ര്യമുൾപ്പെടെയുള്ള വ്യക്തി സ്വാതന്ത്ര്യങ്ങൾ ക്രൂരമായി ഹനിക്കുന്ന സാഹചര്യത്തിൽ സർക്കാരിന്റെ സമീപനം വ്യക്തമാക്കുമോ? | സി) സഞ്ചാര സ്വാതന്ത്ര്യവും വ്യക്തി സ്വാതന്ത്ര്യവും ഉൾപ്പെടെയുള്ളവ ഹനിക്കുന്നതിനെ സർക്കാർ അനുകൂലിക്കുന്നില്ല. എന്നാൽ രാജ്യത്ത് നിലവിലുള്ള നിയമവ്യവസ്ഥിതിക്ക് വിധേയമായി പണിമുടക്കുന്നതിനും പ്രതിഷേധിക്കുന്നതിനുമുള്ള ഭരണഘടനയിലധിഷ്ഠിതമായ ന്യായമായ അവകാശങ്ങളെ സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. |

Sreekala

സെക്ഷൻ ഓഫീസർ